**കേരള കാർഷിക സർവകലാശാല**

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050

നം. എ2-1480/2025 തീയ്യതി 12.06.2025

## <u>ടെൻഡർ നോട്ടീസ്</u>

ഈ കേന്ദ്രത്തിലേക്ക് ഗ്രാഫ്റ്റ് തൈകൾ, മറ്റു തൈകൾ എന്നിവ പാക്ക് ചെയ്യുന്നതിനാവശ്യമായ വിവിധ വലിപ്പത്തിലുള്ള പോളിത്തീൻ കവറുകൾ (ഏകദേശം 1200 കി.ഗ്രാം) വിതരണം ചെയ്യാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഓരോ ഇനത്തിനും ഒരു കിലോയ്ക്ക് കടത്തുകൂലിയും നികുതികളും അടക്കമുള്ള വില കൃത്യമായി രേഖപ്പെടുത്തിയ ടെൻഡറുകൾ, നിരതദ്രവ്യം, ടെൻഡർ ഫീസ് എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് "പോളിത്തീൻ കവർ വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ" എന്ന് കവറിന് മുകളിൽ എഴുതി പ്രൊഫസർ & ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം - 679 509 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി **25.06.2025** ന് ഉച്ചയ്ക്ക് ശേഷം 2 മണി വരെയാണ്. അന്നേ ദിവസം 2.30 മണിക്ക് തന്നെ ഹാജരുള്ള ടെൻഡറുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. ഉത്പന്നത്തിന്റെ സാമ്പിളുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ ടെൻഡറുകാരൻ സപ്ലൈ ഓർഡർ കിട്ടി 7 ദിവസത്തിനകം പോളിത്തീൻ കവറുകൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ പ്രൊഫസർ & ഹെഡിന്റെ തീരുമാനം അന്തിമമായിരിക്കും. പോളിത്തീൻ കവറുകൾ എത്തിച്ചു തന്നതിനുശേഷം മാത്രം പ്രതിഫലം നൽകുന്നതാണ്

വിശദ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നം. 04832848050 എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്.

ടെൻഡർ ഫീസ് : രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2% (100 ന്റെ അടുത്ത ഗുണിതത്തിലേക്ക് റൌണ്ട് ചെയ്തത് ) (കുറഞ്ഞത് 400/- രൂപ കൂടിയത് 1500/- രൂപ) +ജി.എസ്.ടി 18%.

നിരതദ്രവ്യം : രേഖപ്പെടുത്തിയ ടെൻഡർ തുകയുടെ 1%

ടെൻഡർ നൽകേണ്ട അവസാന തീയ്യതിയും സമയവും : 25.06.2025, 2.00 PM

ടെൻഡർ തുറക്കുന്ന തീയ്യതിയും സമയവും : 25.06.2025, 2.30 PM

ഉപാധികളും നിബന്ധനകളും :-

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡറിനൊപ്പം 200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്.
3. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി, ക്യാഷ്/ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.
4. ടെൻഡർ അംഗീകരിച്ച തീയ്യതി മുതൽ 1 വർഷത്തേക്കാണ് ടെൻഡറിന്റെ കാലാവധി. ഈ കാലയളവിൽ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
5. സാധനങ്ങൾ എത്തിച്ച് തരുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം പ്രൊഫസർ & ഹെഡിൽ നിക്ഷിപ്തമാണ്.
6. ടെൻഡർ സ്വീകരിക്കുന്നതിനും മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം പ്രൊഫസർ & ഹെഡിനായിരിക്കും.
7. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

(ഒപ്പ്)
പ്രൊഫസർ & ഹെഡ്

പകർപ്പ് :

നോട്ടീസ് ബോർഡ് (ഫാം/ഓഫീസ്)
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്
ആനക്കയം കൃഷിഭവൻ നോട്ടീസ് ബോർഡ്
കെഎയു വെബ്സൈറ്റ്